# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം :4991 23/03/2018 ൽ മറുപടിയ്ക്ക്

### റോഡരികുകളിൽ മരം വെച്ചുപിടിപ്പിക്കാൻ നടപടി

**ചോദ്യം**
ശ്രീ.യു.ആർ.പ്രദീപ്

**ഉത്തരം**
അഡ്വ: കെ. രാജു
(വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് ഓരോ വർഷവും ചൂട് കൂടി വരുന്നു എന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ സാമൂഹ്യവന വിഭാഗത്തെ ശക്തിപ്പെടുത്തി ഗ്രാമീണ മേഖലയിലെ റോഡരികിലും പൊതുമരാമത്ത് റോഡരികിലും റോഡുകൾക്ക് ദോഷകരമാകാത്ത വിധത്തിലുള്ള മരങ്ങൾ വെച്ചുപിടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; | എ | സാമൂഹ്യവന വത്ക്കരണ വിഭാഗത്തിന്റെ കീഴിൽ ഗ്രാമീണ മേഖലയിലെ റോഡരികിലും പൊതുമരാമത്ത് റോഡരികിലും റോഡുകൾക്ക് ദോഷകരമാകാത്ത വിധത്തിൽ വഴിയോരത്തണൽ പദ്ധതി പ്രകാരം മരങ്ങൾ വെച്ചുപിടിപ്പിച്ചു വരുന്നുണ്ട്. ഈ വർഷം മുതൽ ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി മുഖേനയും റോഡ് വക്കിലും പൊതു സ്ഥലങ്ങളിലും തൈകൾ വച്ചു പിടിപ്പിക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് സ്വീകരിക്കാവുന്നതാണ്. |
| ബി | ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുവാൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | ബി | ഓരോ ബ്ളോക്ക് തലത്തിലും പങ്കാളിത്ത ഹരിത സമിതികൾ രൂപീകരിച്ച് ഓരോ പഞ്ചായത്ത് അധികൃതരുമായും കൂടിയാലോചിച്ച് ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതിയുടെ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ചും എൻ.ആർ.ഇ.ജി.എസ് മുഖേനയും വൃക്ഷത്തൈകൾ വച്ചു പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ